നം.കെ.എസ്.എ-കെ.ടി.എം.പി.9/1411/2017 തീയതി: 18.09.2017

# കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 01.04.2016 മുതൽ 31.03.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.08.2017 മുതൽ 23.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്ര.) |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീലത പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജസ്സി നൈനാൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ബിജു കുമാർ എം. | 01.04.2016 മുതൽ 04.07. 2016 വരെ |
| | ശ്രീ.ഹരീഷ് കുമാർ പി. അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി(ഇൻ-ചാർജ്) | 05.07.2016 മുതൽ 25.12.2016 വരെ |
| | ശ്രീ.പി.ജെ.ജോർജ് | 26.12.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹരീഷ് കുമാർ പി. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ജ്യോതി റ്റി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബിന്ദു | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ഡോ.സുജ ജോൺ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി ഉമ എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.അജിത് കുമാർ വി.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.കാതറിൻ പ്രിമ തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റൈഹാനത്തുബീവി കെ.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വി.എം.ശശിധരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| | ഡോ.റോയി സഖറിയ | 13.01.2017 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയലക്ഷ്മി എൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ബിന്ദു റ്റി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഈന ഡി. | 01.04.2016 മുതൽ 08.08.2016 വരെ |
| | ഡോ.സുശീല സ്റ്റീഫൻ | 08.08.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |

| | |
|---|---|
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി--കുടിശ്ശിക |
| 2-2-2 | വസ്തുനികുതി--നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നത് |
| 2-3-1 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4-1 | ഡി&ഒ ലൈസൻസ് ഈടാക്കിയിട്ടില്ല |
| 2-4-2 | ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വികസനഫണ്ട് പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-2 | പോള നീക്കം ചെയ്യൽ പദ്ധതി--പ്രോജക്റ്റ് നടത്തിപ്പിൽ അപാകതകൾ |
| 3-3 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ--സ്ഥാപിച്ചതിന്റെ രേഖകളില്ല |
| 3-4 | മൊബൈൽ മാപ്പിംഗ്--തുടർനടപടികൾ സ്വീകരിച്ചില്ല |
| 3-5 | പൊതുശുചിത്വ സമുച്ചയം--ശുചിത്വമിഷനിൽ നിന്നും സബ്സിഡി ലഭിച്ചിട്ടില്ല |
| 3-6 | തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല |
| 3-7 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്ന് വിതരണം ഭാഗികം--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | സംയുക്ത പ്രോജക്റ്റിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ തുക അവശേഷിക്കുന്നു |
| 3-9 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല--ചെലവ് തുക തടസസ്സപ്പെടുത്തുന്നു |
| 3-10 | അഗതി--ആശ്രയ പദ്ധതി--ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | |
|---|---|
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2016-17 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ പുതുക്കിയ ബജറ്റ് 19.05.2017 തീയതിയിലെ 1(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 1,89,10,794 | 1,84,02,017 | | 5,08,723 | 2.69 |
| വരവ് | 7,36,14,000 | 5,78,58,149 | | 1,57,55,851 | 21.40 |
| ആകെ | 9,25,24,794 | 7,62,60,220 | 1,62,64,574 | | 17.58 |
| ചെലവ് | 7,29,34,750 | 4,71,62,641 | 2,57,72,109 | | 35.34 |
| നീക്കിയിരിപ്പ് | 1,95,90,044 | 2,90,97,579 | 95,07,535 | | 48.53 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 01.06.2017 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,84,02,071 |
| വരവ് | 5,78,58,149 |

| | |
|---|---|
| ആകെ | 7,62,60,220 |
| ചെലവ് | 4,71,62,641 |
| നീക്കിയിരിപ്പ് | 2,90,97,579 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,37,53,704 | 1,37,53,704 | 1,11,98,093 | 25,55,611 | 81.4 |
| വികസനഫണ്ട് എസ്.സി.പി. | - | 35,06,742 | 35,06,742 | 29,90,164 | 5,16,578 | 85.27 |
| വികസനഫണ്ട് ടി.എസ്.പി. | - | 2,18,511 | 2,18,511 | 1,21,028 | 97,483 | 55.39 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 5,49,492 | 5,49,492 | - | 5,49,492 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 37,09,899 | 37,09,899 | 27,28,970 | 9,80,929 | 73.56 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 77,13,601 | 77,13,601 | 41,25,906 | 35,87,695 | 53.49 |
| പെർഫോമൻസ് ഗ്രാന്റ് | - | 42,15,009 | 42,15,009 | 17,37,662 | 24,77,349 | 43.02 |
| MGNREGS | 3266 | 3,88,30,660 | 3,88,33,926 | 3,87,65,434 | 68,492 | 99.82 |
| ബി ഫണ്ട് | - | 4,10,92,390 | 4,10,92,390 | 4,10,92,390 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 4,97,06,396 | 107 | 2,90,74,190 | 69 | 3 | 59.77% |

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 4.06.16ൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. 29.06.16ൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഊരുകൂട്ടയോഗവും വികലാംഗഗ്രാമസഭയുൾപ്പെടെ വിവിധഗ്രാമസഭകൾ കൂടുകയുണ്ടായി. 11.08.2016 ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച ചെയ്തു. 1.9.16ലെ 1-ാം നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

വാർഷിക പദ്ധതികളുടെ അവലോകനം

- ഉൽപ്പാദനമേഖലയിൽ ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി, മൃഗാശുപത്രിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ, കാർഷികമേഖലയിൽ നെൽവിത്ത് വിതരണം, തുടങ്ങിയപ്രോജക്ടുകൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു.
- സേവനമേഖലയിൽ പാലിയേറ്റീവ് കെയർ, ചെങ്ങളം ഹെൽത്ത് സബ്സെന്റർ, വിവിധ അങ്കണവാടികൾ എന്നിവയുടെ പുനരുദ്ധാരണം, ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ നല്ല രീതിയിൽ നടപ്പിലാക്കി.
- പശ്ചാത്തലമേഖലയിൽ നിരവധി റോഡുകളുടെ പുനരുദ്ധാരണം, വിവിധ റോഡുകൾ മണ്ണിട്ടുയർത്തൽ, പഞ്ചായത്ത് ഓഫീസ് നവീകരണം എന്നിവയാണ് പ്രധാനമായും നടപ്പിലാക്കിയത്.
- ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കായി സ്കോളർഷിപ്പ് നൽകൽ പദ്ധതി മാത്രമാണ് നടപ്പാക്കിയത്.
- ഖരമാലിന്യസംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിയ്ക്കുന്നതിനായി 10 ലക്ഷത്തിലധികം രൂപയും

വയോജനക്ഷേമപ്രവർത്തനങ്ങൾക്കായി 4.5 ലക്ഷവും വകയിരുത്തിയെങ്കിലും പദ്ധതികൾ നടപ്പാക്കിയില്ല.

- ആകെ ആവിഷ്കരിച്ച 179 പ്രോജക്റ്റുകളിൽ 107 എണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചത്. സേവനമേഖലയിൽ ഗ്രാമസഭാകേന്ദ്രങ്ങൾ, വീട് പുനരുദ്ധാരണം, പഞ്ചായത്ത് വാർഡ് തല ജാഗ്രതാസമിതി, ഖരമാലിന്യസംസ്കരണ ഗാർഹിക പ്ലാന്റ് സ്ഥാപിക്കൽ, പ്ലാസ്റ്റിക് നിവാരണപദ്ധതി തുടങ്ങിയവ നടപ്പാക്കിയിട്ടില്ല.
- മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ 5,49,492 രൂപ വകയിരുത്തിയിരുന്നെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 37,00,961 | 64,52,525 | 27,51,564 | 74.35 |
| നികുതിയേതര വരവുകൾ | 3,85,642 | 83,46,534 | 79,60,892 | 2064.32 |
| മറ്റു വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 40,86,603 | 1,47,99,059 | 1,07,12,456 | 262.13 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,62,120 | 138 |
| കർഷകതൊഴിലാളി പെൻഷൻ | 1,01,59,170 | 1200 |
| വിധവാ പെൻഷൻ | 80,88,320 | 777 |
| വാർദ്ധക്യകാല പെൻഷൻ | 1,90,44,105 | 2009 |
| വികലാംഗപെൻഷൻ | 29,96,135 | 351 |
| 50 വയസ്സിന് മേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 3,42,540 | 36 |
| വിധവാ പെൻഷൻ | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.8.17 തീയതിയിൽ 3.00 പി.എം.ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,858/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നു. വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്. കള്ളുഷാപ്പുകൾ, റേഷൻകടകൾ തുടങ്ങി ഡി&ഒ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ പല സ്ഥാപനങ്ങളും പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. 2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പോളനിവാരണ പദ്ധതിയുടെ ഭാഗമായി വികസനഫണ്ട് 1,28,800/- രൂപ പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള തനതുഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും ടി തുക ഗുണഭോക്താവിന് നൽകാതിരുന്നതും ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.05.2017&27.05.2017 | 01.04.2016 &31.03.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2016 &03.11.2016 | 2011/12-2015/16 | L.B.A.(H.Q)11/08A-252/16-17/259 തീയതി 08.12.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റിനായി സമർപ്പിച്ച തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 1,84,02,071/- രൂപയും തൻവർഷ വരവ് 5,78,58,149/- രൂപയും തൻവർഷത്തെ ചെലവ് 4,71,62,641/-രൂപയും വർഷാവസാന ബാക്കി 2,90,97,579/- രൂപയുമാണ്. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരുമാനം 12,26,82,714/- രൂപയും തൻവർഷചെലവ് 11,67,46,302/- രൂപയും പ്രവർത്തനമിച്ചം(Surplus) 53,89,242/- രൂപയുമാണ്.

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ആസ്തി/ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രകിയ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുക സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ ഭാഗമായി വികസനഫണ്ട് പിൻവലിച്ച് NEFT വഴി സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും പിന്നീട് ഗുണഭോക്താവിന് നൽകിയത് മൂലവും വരവിൽ 27,25,195/- രൂപയുടേയും ചെലവിൽ 22,07,395/- രൂപയുടേയും ഇരട്ടിപ്പ് വന്നിട്ടുണ്ട്.

5. ജനറൽ പർപ്പസ് ഗ്രാന്റ് അവസാന അലോട്ട്മെന്റായി ലഭിച്ച 7,90,293/- രൂപ വാർഷിക കണക്കിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

6. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ താഴെപ്പറയുന്ന ചെക്കുകൾ പണമാക്കിയിട്ടില്ലാത്തതായി പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്ത് തുക അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 543498/16.9.15 | 1,200 |
| 2 | 259535/11.6.14 | 2,500 |
| 3 | 543507/8.10.15 | 2,503 |

7.ബി 4 ഷെഡ്യൂളിലെ ശീർഷകം 320100199 ലെ തുകയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

## 2-2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി -കുടിശ്ശിക

14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ-ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 6 മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി പുതുക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി കുടിശ്ശിക 2 മൊബൈൽ ടവറുടമകൾ അടച്ചിട്ടുമുണ്ട് (ക്രമ നം. 1,4).

| ക്രമ നം. | കെട്ടിട നം. | ടവറിന്റെ പേര് | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച വാർഷിക നികുതി (ബാധകമായ വർദ്ധനവുകൾക്കും ഇളവുകൾക്കും ശേഷം) | 16-17 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1 | 7/12a | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് 8-ാം നില, വങ്കാരത്ത് ടവേഴ്സ് | 13.65 | 6828+342+956 | 42,946 |
| 2 | 9/45a | എയർസെൽ ഡിസ്ട്രിക്ട് വയർലെസ് ലിമിറ്റഡ് | 15 | 9000+450+1261 | 53,555 |
| 3 | 9/61 | ഐഡിയ മൊബൈൽ പ്രൈവറ്റ് ലിമിറ്റഡ് ഇല്ലിയ്ക്കൽ | 45 | 22500+1125+13151 | 1,33,880 |
| 4 | 15/290a | റിലയൻസ് | 15 | 6777+339+949 | 40,325 |
| 5 | 15/301a | ഭാരതി എയർടെൽ ലിമിറ്റഡ് | 15.06 | 6777+339+949 | 40,325 |
| 6 | 17/266 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 12 | 4800+240+673 | 28,565 |
| | | | | ആകെ | 3,39,596 |

സഞ്ചയയിലെ വിവരങ്ങൾ പ്രകാരം ചില ടവറുകളുടെ വിസ്തീർണ്ണം വളരെ കുറവാണ്. ഫീൽഡ് തല പരിശോധന നടത്തിയിട്ടില്ലായെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുമുണ്ട്. ടവറുകളുടെ വസ്തുനികുതി പുന:നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയത് ടവറിന്റെ ബേസ് ഏരിയ, ബാറ്ററി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയാണോയെന്നത് വ്യക്തമല്ല. വാർഡ് മെമ്പർമാരുടെ സഹായത്തോടെ പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ മൊബൈൽടവറുകളെയും കണ്ടെത്തി നികുതിനിർണ്ണയിക്കേണ്ടതും നികുതി നിർണയിച്ചവയുടെ വിസ്തീർണ്ണം സ്ഥലപരിശോധന നടത്തി കൃത്യമാക്കേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്.

## 2-2-2 വസ്തുനികുതി-നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നത്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയെ നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ ക്ലബ്ബുകൾ ഉൾപ്പെടെയുള്ള നിരവധി കെട്ടിടങ്ങൾ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിടത്തിന്റെ പേര് |
|---|---|---|
| 1 | 1/204 | ട്രസ്റ്റി, സി എസ് ഐ ചർച്ച് |
| 2 | 2/194 | സെന്റ് മേരീസ് ക്നാനായ ചർച്ച് പാരിഷ് ഹാൾ |
| 3 | 3/69 | മാനേജർ, ചെങ്ങളത്തുകാവ്, ദേവസ്വം ഓഫീസ് |

| | | |
|---|---|---|
| 4 | 3/70 | ചെങ്ങളത്തുകാവ്, ദേവസ്വം ഓഫീസ് |
| 5 | 10/363 | ട്രസ്റ്റി, സെന്റ് ഫ്രാൻസിസ് ഡി സെൽസ് ചർച്ച് |
| 6 | 10/364 | ട്രസ്റ്റി, സെന്റ് ഫ്രാൻസിസ് ഡി സെൽസ് ചർച്ച് |
| 7 | 10/365 | ട്രസ്റ്റി, സെന്റ് ഫ്രാൻസിസ് ഡി സെൽസ് ചർച്ച് |
| 8 | 13/339 | സെക്രട്ടറി, അഖിലേന്ത്യാ ആത്മ ബോധോധയ സൊസൈറ്റി |
| 9 | 16/365 | എസ്.എൻ.ഡി.പി ഹാൾ.നം 276 |

മേൽ പറഞ്ഞിരിക്കുന്നവ കൂടാതെ നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ടവ എന്ന വിഭാഗത്തിൽപ്പെടുത്തി ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | കെട്ടിടത്തിന്റെ പേര് |
|---|---|---|
| 1 | 2/197 | സെക്രട്ടറി, മഹിളാസമാജം |
| 2 | 3/178 | മദർ സുപ്പീരിയർ, സെന്റ് ഫ്രാൻസിസ് ഭവൻ |
| 3 | 16/42 | അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ, പത്തൊൻപതിൽചിറ |

നിയമാനുസൃതമല്ലാത്ത ഇളവ് അനുവദനീയമല്ല. മേൽ പറഞ്ഞിരിക്കുന്നതും സമാനമായ മറ്റ് കെട്ടിടങ്ങളുടേയും ഇനവും ഉപയോഗക്രമവും പരിശോധിച്ച് നികുതി ചുമത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൻവർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പോസ്റ്റോഫീസ്, കുമ്മനം |
| 2 | തിരുവാർപ്പ് ദേവസ്വം |
| 3 | കിളിരൂർ ദേവസ്വം |
| 4 | ചെങ്ങളം ദേവസ്വം |
| 5 | പെട്രോൾ പമ്പ്, കിളിരൂർ നോർത്ത് |
| 6 | മാവേലി സ്റ്റോർ, കിളിരൂർ നോർത്ത് |

ഇതു കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുകൾ, റേഷൻകടകൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും, സ്വകാര്യ ഡോക്ടർമാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 2-3-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കിളിരൂർ നോർത്തിലുള്ള മാവേലിസ്റ്റോർ, പെട്രോൾ പമ്പ് എന്നിവയിൽ നിന്നും നാളിതുവരെ സ്ഥാപനത്തിന്റെ വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4-1 ഡി & ഒ ലൈസൻസ് ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ ഇല്ലിക്കൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഏജൻസിയിലുള്ള മുണ്ടുചിറക്കൽ ഫ്യൂവൽസ് എന്ന സ്ഥാപനം 2016-17 വർഷം ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് 23.8.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) മറുപടി

ലഭിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) പ്രകാരം മനുഷ്യജീവന് അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ ഒരു കാര്യങ്ങൾക്ക് വേണ്ടിയും പഞ്ചായത്തിന്റെ ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരളാ പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-4-2 ഡി&ഒലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് റബ്ബർ മാറ്റ് നിർമ്മാണ യൂണിറ്റുകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് കുറവ് ഈടാക്കിയതായികാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമനം | പേര് | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1. | എം.പി.ജോസഫ്, മുറിയാനിക്കൽ, കിളിരൂർ | മുറിയാനിക്കൽ റബ്ബർ പ്രോഡക്ട്സ് | 60 എച്ച് പി | 1000/- | 500/- | 500/- |
| 2. | പുന്നൻ ജോസഫ് മുറിയാനിക്കൽ, ചെങ്ങളം | മാരുതി റബ്ബർ പ്രോഡക്ട്സ് | 60 എച്ച് പി | 1000/- | 500/- | 500/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനഫണ്ട് പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പോളനിവാരണ പദ്ധതി 194/17 പ്രോജക്ടിന്റെ ഭാഗമായി 30.3.17 ൽ Kerala Agricultural University ക്ക് നൽകാനായി പിൻവലിച്ച വികസനഫണ്ട് 1,28,800 രൂപ NEFT വഴി സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരുന്നു. എന്നാൽ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ടി തുക നാളിതുവരെ ഗുണഭോക്താവിന് നൽകിയിട്ടില്ല എന്ന് കാണുന്നു. (വിശദമായ പരിശോധന നടത്തി ടി തുക ഗുണഭോക്താവിന് നൽകിയിട്ടില്ല എന്ന ഉറപ്പുവരുത്തേണ്ടതാണ്). 20.03.2017 ലെ സർക്കുലർ നമ്പർ 15/2017/ഫിൻ പ്രകാരം തുകകൾ ട്രഷറിയിൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും, വലിയ തുകകൾ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിലും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും നിക്ഷേപിക്കുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിരുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി വികസനഫണ്ട് പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതും ആയത് ഗുണഭോക്താവിന് നൽകാതിരുന്നതും പ്രോജക്ട് നിർവഹണത്തിലെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ബില്ല് സമയബന്ധിതമായി മാറണമെന്ന സർക്കാർ നിർദ്ദേശം കാരണം ബില്ല് സമർപ്പിച്ചപ്പോൾ സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളാണ് നൽകിയതെന്നും തുടർന്ന് ശ്രദ്ധക്കുറവുമൂലമാണ് തുക ഗുണഭോക്താവിന് നൽകുന്നതിന് താമസം ഉണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-2 പോള നീക്കം ചെയ്യൽ പദ്ധതി- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 194/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 8,00,668/- |

ചെലവ്

| തുക | ബിൽ നം./ഡി.ഡി.നം./പേയ്മെന്റ് വൗച്ചർ നം./തീയതി | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1,84,000 | പേയ്മെന്റ് വൗച്ചർ നം.21601119/30.3.17 | 4.3.17 മുതൽ 13.3.17 വരെ പോള നീക്കം ചെയ്തതിന് മണിക്കൂറിൽ 3,000 രൂപ നിരക്കിൽ എം.ജി.എം.അക്വാവീഡ്സിന് നൽകിയത് |
| 97,462 | ഡി.ഡി.നം.269771/20.2.17 | 22.3.17 മുതൽ 30.3.17 വരെ പോള നീക്കം ചെയ്തതിന് കേരള കാർഷിക സർവകലാശാലയ്ക്ക് നൽകിയത് |
| 1,28,800 | ബിൽ നം.40/30.3.17 | 7.3.17 മുതൽ 30.3.17 വരെ പോള നീക്കം ചെയ്തതിന് കേരള കാർഷിക സർവകലാശാലയ്ക്ക് നൽകിയത് |
| 5,700 | ചെക്ക് നം.23457/17.3.17 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കാർഷിക സർവകലാശാലയ്ക്ക് നൽകിയത് |
| ആകെ 4,15,962 | | |

കേരള കാർഷിക സർവകലാശാല, എം.ജി.എം.അക്വാവീഡ് ഹാർവസ്റ്റ് എന്നീ സ്ഥാപനങ്ങളിലെ മെഷീൻ ഉപയോഗിച്ച് പോള നീക്കം ചെയ്തതിന് ആകെ 4,15,962 രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടി പ്രോജക്ട് നടപ്പാക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1.3.17 ലെ 72-ാം നം. തീരുമാനപ്രകാരം അനുമതി ലഭിച്ചിരുന്നെങ്കിലും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭിച്ചതായി കാണുന്നില്ല.

2)കേരള കാർഷിക സർവകലാശാല ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, നെല്ല് ഗവേഷണ കേന്ദ്രം മങ്കൊമ്പിന്റെ 2.2.17ലെ കത്ത് പ്രകാരം മെഷീൻ വാടക മണിക്കൂറിന് 2,500/- എന്ന് അറിയിച്ചിരുന്നു. എന്നാൽ ഹാജരാക്കിയ ബില്ല് പ്രകാരം ടാക്സ് ഉൾപ്പെടെ 2,875/-രൂപയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

3) എന്നാൽ മേൽപ്പറഞ്ഞ ദിവസങ്ങളിൽ മെഷീൻ ഉപയോഗിച്ച് പോള നീക്കം ചെയ്തിട്ടുണ്ടെന്ന് അതത് സ്ഥലങ്ങളിൽ നിന്നുമുള്ള പാടശേഖരസമിതിയുടെ സർട്ടഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പോള നീക്കം ചെയ്യുന്നതിനായി രണ്ടു സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് എന്തിനെന്ന് വ്യക്തമല്ല.

4) കേരള കാർഷിക സർവകലാശാലയുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല.

5) മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് 22.8.17ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4) ലഭിച്ച മറുപടിയിൽ, പാടശേഖര സമിതിയുടെ സർട്ടിഫിക്കറ്റ് ഉടൻ ലഭ്യമാക്കുന്നതാണെന്നും ടി പദ്ധതി 2017-18 ൽ സ്പിൽഓവറായി നടപ്പിലാക്കിവരുന്നുവെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ലാത്തതിനാൽ 4,15,962/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ- സ്ഥാപിച്ചതിന്റെ രേഖകളില്ല

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം.31/16-17

ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്

പേമെന്റ് വൗച്ചർ നം - 21601087/29.3.17

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത നീമ ഏജൻസീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 1,70,347 രൂപ വൗച്ചർ നം.21601087/29.3.17 പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

താഴെപ്പറയുന്ന ഉപകരണങ്ങൾ സ്ഥാപനം വിതരണം ചെയ്യുകയും അവ സ്റ്റോക്കിൽ എടുക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | ക്രോംപ്ടൺ എൽ.ഇ.ഡി. | 1080 |
| 2 | ഹോർഡർ | 1080 |

| | | |
|---|---|---|
| 3 | അലൂമിനിയം കോയിൽ | 36 |
| 4 | ഇൻസുലേഷൻ ടേപ്പ് | 54 റോൾ |
| 5 | ഷേഡ് | 1080 |

ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ഇവയിൽ എല്ലാം വിതരണം ചെയ്തിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 22.8.17ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) ലഭിച്ച മറുപടിയിൽ, ടി പദ്ധതി 2017-18 ൽ സ്പിൽഓവറായി നടപ്പിലാക്കിവരുന്നുവെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മൊബൈൽ മാപ്പിംഗ്- തുടർനടപടികൾ സ്വീകരിച്ചില്ല

വൗച്ചർ നം.21600445 തീ: 23.9.16 പ്രകാരം 8,300 രൂപ ചെലവഴിച്ച് ഒപ്പോ A33F മോഡലിലുള്ള ഫോൺ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഫോൺ കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം വികസിപ്പിച്ച m-asset എന്ന ആപ്ലിക്കേഷൻ വഴി പഞ്ചായത്തിലെ സ്ഥാവര ആസ്തികളുടെ മാപ്പിംഗ് നടത്തുന്നതിനായി മാത്രം വാങ്ങിയിട്ടുള്ളതാകയാൽ ടി ആവശ്യത്തിനായി ആയത് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നും നിലവിൽ പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6)തുടർനിർദ്ദേശങ്ങളൊന്നും ലഭിയ്ക്കാത്തതിനാൽ ടി പ്രവൃത്തി പൂർത്തീകരിച്ചില്ലെന്നും നിലവിൽ ഫോൺ പ്രവർത്തനക്ഷമമാണെന്നും മറുപടി നൽകി. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സ്ഥാവര ആസ്തികളുടെ മാപ്പിംഗിനായി മൊബൈൽ ഫോൺ പ്രയോജനപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 3-5 പൊതുശുചിത്വ സമുച്ചയം -ശുചിത്വമിഷനിൽ നിന്നും സബ്സിഡി ലഭിച്ചിട്ടില്ല

കോട്ടയം ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെ 7.4.16 ലെ ഉത്തരവ് നം.2024/2015/ഡിഎസ്എം/കെറ്റിഎം പ്രകാരം പൊതുശുചിത്വ സമുച്ചയ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കോമ്പൗണ്ടിലും (പ്രാജക്ട് നം S016/16), ആയുർവേദാശുപത്രിക്കും (പ്രാജക്ട് നം S017/16) ഭരണാനുമതി ലഭിക്കുകയും ഇത് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആയതിന്റെ 90% തുകയായ 1,80,000/-രൂപ വരെ ജില്ലാ ശുചിത്വമിഷനിൽ നിന്നും അനുവദിക്കുന്നതും ബാക്കി 20,000/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവുമാണ്. പൊതുശുചിത്വ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായതിന് ശേഷം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ പകർപ്പ്, ഭരണസമിതി തീരുമാനം, ശുചിത്വ സമുച്ചയത്തിന്റെ 2 ഫോട്ടോകൾ എന്നിവ ഉൾപ്പെടുത്തി അപേക്ഷ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ജില്ലാ ശുചിത്വമിഷനിൽ നിന്നും സബ്സിഡി ലഭിക്കുന്നതിനാവശ്യമായ യാതൊരു നടപടുകളും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ 2013-14 വർഷത്തെ എസ്.63/13-14 എന്ന പ്രോജക്ടിന്റെ ഭാഗമായി തെരുവുവിളക്കുകളുടെ മീറ്റർ ഘടിപ്പിയ്ക്കുന്നതിനായി 3,81,600 രൂപ 13-ാം ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിരുന്നു.(ഡി.ഡി.നം.676838/3.3.14). തുകയുടെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല. നാളിതുവരെയായി തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല. ഇതുമൂലം ഭീമമായ തുക വൈദ്യുതചാർജ്ജിനത്തിൽ ചെലവഴിയ്ക്കേണ്ടി വരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9) മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കുമരകം - ത്തിന്റെ 6.1.16 ലെ കത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ 50 എണ്ണം സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സുകൾ ഫിറ്റ് ചെയ്തിട്ടുണ്ടെന്നും ടി ബോക്സുകളിൽ നിന്നും സ്ട്രീറ്റ് ലൈറ്റുകൾക്ക് സപ്ലൈ നൽകുന്നതിനായി അതാത് ബോക്സുകളുടെ കീഴിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ കണക്ടഡ് ലോഡുകൾ സഹിതമുള്ള കംപ്ലീഷൻ റിപ്പോർട്ട് സബ്മിറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിയ്ക്കുന്നതായി കാണുന്നു. ഇതിനുള്ള സെക്രട്ടറിയുടെ മറുപടിയിൽ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നും ഏതെങ്കിലും തുക കെ.എസ്.ഇ.ബിയിൽ അടവാക്കാനുണ്ടെങ്കിൽ ആയത് പദ്ധതിതുകയിൽ നിന്നും കുറവ് ചെയ്യാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്.

ആയതിനാൽ ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകി പഞ്ചായത്തിലെ എല്ലാ തെരുവുവിളക്കുകൾക്കും മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി പഞ്ചായത്തിന്റെ ധനനഷ്ടം ഇല്ലാതാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഊർജ്ജിതമാക്കുവാൻ അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-7 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്ന് വിതരണം ഭാഗികം--ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ ആയുർവേദം.

പ്രോജക്ട് നം-153/17

അടങ്കൽ -5,00,000/-രൂപ(ഡി.ഡി.നം-269774/27.02.2017, എസ്.ബി.റ്റി., തിരുവാർപ്പ്)

ചെലവ് - 5,00,000/- രൂപ

തിരുവാർപ്പ് ഗവൺമെന്റ് ആയുർവേദാശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിന് 5,00,000/-രൂപ(ഡി.ഡി.നം-269774 /27.02.2017, എസ്.ബി.റ്റി., തിരുവാർപ്പ്) ഔഷധി ഫാർമസ്യൂട്ടിക്കൽസ് കമ്പനി തൃശ്ശൂരിന് നൽകിയിട്ടുണ്ട്. നാളിതുവരെ അഞ്ച് തവണകളായി 403,841/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ ചെലവ്തുക 96,159/- രൂപ തടസപ്പെടുത്തുന്നു.

## 3-8 സംയുക്ത പ്രോജക്ടിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ തുക അവശേക്ഷിക്കുന്നു

2016-17 വർഷം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ടിനായി 2,52,000 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും 2,52,000 ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിലേക്ക് 6.3.17ൽ ക്രെഡിറ്റ് ചെയ്തിരുന്നു. ടി തുകയിൽ 2,75,775/- രൂപ (ജില്ലാ പഞ്ചായത്ത്- 2,52,000 + ബ്ലോക്ക് പഞ്ചായത്ത് -23775) ചെലവഴിക്കാതെ നിലവിലും അക്കൗണ്ടിൽ അവശേഷിക്കുന്നു. സർക്കാർ ഉത്തരവ് നം.(പി) 7/2017/ ഫിൻ 27.01.2017 ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2016-17 വർഷം താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ എജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നിർവഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക | ബിൽ നമ്പർ/പേമെന്റ് വൗച്ചർ നമ്പർ | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 198/17<br>വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | സെക്രട്ടറി | 15,40,247/-<br>6,94,753/- | 21601045/27.3.17<br>21601046/27.3.17 | വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ |
| 184/17<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | ” | 97,500<br>3,68,970/-<br>3,59,810/-<br>8,70,000 | 21600909/3.3.17<br>21600912/3.3.17<br>21600910/3.3.17<br>21600907/3.3.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കുമരകം |
| 106/17<br>ഇല്ലിക്കൽ ഐക്കര | ” | 61,750/- | DD No 269806/22.3.17 | അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കുമരകം |

| | | | | |
|---|---|---|---|---|
| നാല്പതിൽ റോഡ് സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | | | | |
| 36/17 പിഎംഎവൈ വിഹിതം നൽകൽ | ,, | 1,20,000/- | DD No 915020/27.1.17 | സെക്രട്ടറി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| 100/17<br>ഡിപിസി മന്ദിരം പഞ്ചായത്ത് വിഹിതം നൽകൽ | ,, | 2,00,000/- | DD No 915021/27.1.17 | ജില്ല പ്ലാനിംഗ്<br>ഓഫീസർ കോട്ടയം |
| 47/17<br>കന്നുകുട്ടി പരിപാലന പദ്ധതി | വെറ്റിനറി സർജൻ | 4,37,500/- | ബിൽ നം. 2/16-17 /3.3.17 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം |
| 38/17<br>പിഎംഎവൈ വിഹിതം നൽകൽ | അസിസ്റ്റന്റ് സെക്രട്ടറി | 1,35,000/- | ഡി.ഡി.നം. 915016/25.1.17 | സെക്രട്ടറി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| 186/17<br>ഐഎവൈ-വീട് അധിക വിഹിതം നൽകൽ | അസിസ്റ്റന്റ് സെക്രട്ടറി | 9,25,000/- | ഡി.ഡി.നം. 915015/20.1.17 | സെക്രട്ടറി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | | 58,10,530 | | |

ചെലവ് തുകകളുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 58,10,530 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 അഗതി--ആശ്രയപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം വി.ഇ.ഒ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ (എസ് .ഒ 57/16-17)ഭാഗമായി മേഴ്സി ജോർജ്ജ്, തൊണ്ണൂറിചിറയിൽ, കാഞ്ഞിരം പി.ഒ. എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| ബിൽ നം. | തുക |
|---|---|
| ബിൽ നം.2/16-17 തീയതി.8.3.17 | 80,000 |
| ബിൽ നം.2/16-17 തീയതി.8.3.17 | 80,000 |

പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)നിർമ്മിയ്ക്കുന്ന വീട് 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നതിന് ഗുണഭോക്താവ് സെക്രട്ടറിയുടെ പേർക്ക് കരാർ എഴുതി ചേർത്തിട്ടില്ല.

2)ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ ഫോട്ടോയും, വി.ഇ.ഒ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും, മോണിട്ടറിംഗ് സമിതി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഗഡുക്കളായാണ് തുക നൽകേണ്ടത്.എന്നാൽ ഇവ ഫയലിൽ ലഭ്യമല്ല.

3)വീട് പണി പൂർത്തീകരിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7) അടുത്ത ഗഡു നൽകുന്ന മുറയ്ക്ക് എഗ്രിമെന്റ് എഴുതി പൂർണ്ണമാക്കാമെന്നും, സ്റ്റേജ് സർട്ടിഫിക്കറ്റും മോണിട്ടറിംഗ് സമിതി റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചുകൊള്ളാമെന്നും,

വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുവാൻ കുറച്ച് സമയം കൂടി വേണ്ടി വരുമെന്നും മറുപടി നൽകി. ഗുണഭോക്താവുമായി നിശ്ചിതവ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കേണ്ട നിർദ്ദിഷ്ട രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തിക വർഷം 41 പേർക്ക് തൊഴിൽ കാർഡ് നല്കി, 1852 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തൻവർഷം 1978 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി 285 പദ്ധതികൾ വിഭാവനം ചെയ്യുകയും, 285 എണ്ണത്തിന് സാങ്കേതികാനുമതി ലഭിയ്ക്കുകയും, 285 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ശരാശരി 104679 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. 69 കുടുംബത്തിന് മാത്രം 100 തൊഴിൽദിനങ്ങൾ നല്കാൻ കഴിഞ്ഞു. 683 കുടുംബങ്ങൾക്ക് 50 ൽ താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞു. പാടശേഖര കൈത്തോട് പുനരുദ്ധാരണം, തരിശുവയലുകൾ കൃഷിയോഗ്യമാക്കൽ, വാച്ചാൽ ആഴം കൂട്ടൽ, കൈത്തോട് പുനരുദ്ധാരണം, അങ്കണവാടി റോഡ് കോൺക്രീറ്റിംഗ്, ഐ.എ.വൈ ഭവന നിർമ്മാണം, കമ്പനം നീർത്തടം കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, റോഡ് പുനരുദ്ധാരണം, ജവഹർ ജയന്തി ഭവനനിർമ്മാണം എന്നീ പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്.

തൻവർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,266 |
| വരവ്(ഇ.എഫ്.എം.എസ് ഉൾപ്പെടെ) | 3,88,27,886 |
| പലിശ | 2,774 |
| ആകെ | 3,88,33,926 |
| ചെലവ് | 3,87,65,434 |
| നീക്കിയിരിപ്പ് | 68,492 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 6.3.17 | 2,52,500/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,29,225/- | 23,275 |
| ജില്ലാ പഞ്ചായത്ത് | 10.3.17 | 2,52,500/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | -- | 2,52,500 |
| | 27.3.17 | 9,00,160 | തൊണ്ടമ്പ്രാൽ-കന്നംപുറം റോഡ് നിർമ്മാണം | 9,00,160 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 15,40,247/-<br>6,94,753/- | -- | 15,40,247/-<br>6,94,753/- |
| അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കുമരകം | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 97,500<br>3,68,970/-<br>3,59,810/-<br>8,70,000 | -- | 97,500<br>3,68,970/-<br>3,59,810/-<br>87,000 |
| അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കുമരകം | ഇല്ലിക്കൽ ഐക്കര നാല്പതിൽ റോഡ് സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 61,750/- | -- | 61,750/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻ വർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പവരവ്/തിരിച്ചടവ് ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയൊന്നും വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,78,58,149 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,71,62,641 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 63,22,651 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,15,962 | ശ്രീ.പി.ജെ.ജോർജ്ജ്, സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 96,159 | ഡോ.സുശീല സ്റ്റീഫൻ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-9 | 43,13,030 | ശ്രീ.പി.ജെ.ജോർജ്ജ്, സെക്രട്ടറി |
| 3-9 | 4,37,500 | ഡോ.സുജ ജോൺ, വെറ്ററിനറി സർജൻ |
| 3-9 | 10,60,000 | ശ്രീ.ഹരീഷ്കുമാർ പി., അസിസ്റ്റന്റ് സെക്രട്ടറി |
| | 63,22,651 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.10/538(3)അദാ/ 14/29.11.14 |
| 1997-98 വരവ് | നം.എൽ.എഫ്.കെ.പി6/279(എ))/08/5.2.10/6.3.10 |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി6/1149/07 8.2.08 |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി.6/280/ 12.01.09/ 2.2.09 |
| 1999-2000 ചെലവ് | നം.എൽ.എഫ്.കെ.പി.6/1150/07/3.02.08 |
| 1999-2000 വരവ് | നം.എൽ.എഫ്.കെ.പി6/28/08/12.01.09/ 2.2.09 |
| 2000-2001 | നം.എൽ.എഫ്.കെ.പി6/88/10/27.06.12 |
| 2000-01, 2001-02 പ്ലാൻ | നംഎൽ.എഫ്.കെ.പി10/538/14/21.10.15 |
| 2001-02 | നം.എൽ.എഫ്.കെ.പി1/190/അദാ G2/11/21.2.11 |
| 2002-03 ചെലവ് | നം.എൽ.എഫ്.കെ.പി6/748/07/14.08.07 |
| 2002-03 വരവ് | നം.എൽ.എഫ്.കെ.പി6/1960/അദാ എച്ച്/2011/(2)/ 28.08.11 |
| 2003-04 ചെലവ് | നം.എൽ.എഫ്.കെ.പി10/820/15/21.10.15 |
| 2003-04 വരവ് | നം.എൽ.എഫ്.കെ.പി.6/113209/27.6.12 |
| 2004-05 | നം.എൽ.എഫ്.കെ.പി10/820/15/21.10.15 |
| 2005-06 | നം.എൽ.എഫ്.കെ.പി10/820/15/21.10.15 |

| | |
|---|---|
| 2006-07 | നം.എൽ.എഫ്.കെ.പി1/190/ അദാ ജി2 /2011/ 2.2.11 |
| 2007-08 | നം.എൽ.എഫ്.കെ.പി6/906/2010/16.05.12 |
| 2008-09 | നം.എൽ.എഫ്.കെ.പി6/907/2010/ 16.7.12 |
| 2009-10 | നം.എൽ.എഫ്.കെ.പി10/1361/11/8.02.13/5.04.13 |
| 2010-11, 11-12 | നം.എൽ.എഫ്.കെ.പി.1/588/2012/ 7.02.13/14.03.13 |
| 2012-13 | നം.എൽ.എഫ്.കെ.പി.10/33/15/ 18.4.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/1420/15/ 4.01.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/959/14/12.7.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/5/17/11.1.17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി9/1411/2017

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:18.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം